LIBRARY ARCHIVES Kerala Legislative Assembly

ട്രേഡ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്ററുകൾ

*4 [395] *ശ്രീ. ലൂഡി ലൂയിസ്:*
„ *ബി. വിജയകുമാർ:*
„ *ടി. എൻ. പ്രതാപൻ:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രേഡ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കുന്നത്;

(സി) ഈ സെന്ററുകൾ അഗ്രോ ബെയ്സ്ഡ് വ്യവസായങ്ങൾ സ്ഥാപിക്കുവാൻ എന്തെല്ലാം സഹായങ്ങൾ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷികവിജ്ഞാനവും വ്യാപനവും എന്ന പദ്ധതിയിൻകീഴിൽ ട്രേഡ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്;

(ബി) കേരളത്തിലെ 14 ജില്ലാ ആസ്ഥാനങ്ങളിലാണ് പ്രസ്തുത സെന്ററുകൾ സ്ഥാപിക്കുന്നത്.

(സി) അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് കാർഷികമേഖലയിൽ ഉല്പാദനക്ഷമവും ലാഭകരവുമായ സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് സമഗ്രമായ വിവരങ്ങൾ നൽകുന്നതിനുള്ള കേന്ദ്രം എന്നതാണ് ട്രേഡ് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്റർകൊണ്ടുദ്ദേശിക്കുന്നത്. കാർഷിക അനുബന്ധ സംരംഭങ്ങളായ ഹെർബൽ പാർക്കുകൾ, കാർഷിക ക്ലിനിക്കുകൾ, കാർഷിക വ്യവസായകേന്ദ്രങ്ങൾ, ഫുഡ് പാർക്കുകൾ, പരിസ്ഥിതിക്കനുയോജ്യമായ വ്യവസായ പാർക്കുകൾ, കാർഷിക കയറ്റുമതി മേഖലകേന്ദ്രങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിന് കർഷകർക്ക് ആവശ്യമായ വിവരം ലഭ്യമാക്കുകയും അവർക്കുണ്ടാകുന്ന സംശയങ്ങൾ ഈ സെന്ററുകൾവഴി ദൂരീകരിക്കുകയും ചെയ്യുന്നതാണ്.

വൈദ്യുതിമൂലമുള്ള അപകടമരണങ്ങൾ

*5 [396] *ശ്രീ. റോഷി അഗസ്റ്റിൻ:*
„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിലൈൻ പൊട്ടിവീണ് ഷോക്കേറ്റ് മരണപ്പെട്ട സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) ഓരോ അപകടത്തിന്റെയും കാര്യങ്ങൾ വിശദമായി അന്വേഷിച്ച് വിശകലനം ചെയ്യാറുണ്ട്. വൈദ്യുതിലൈനുകളുടെ അടുത്തുനിൽക്കുന്ന വൃക്ഷശിഖരങ്ങൾ വെട്ടിമാറ്റുക, കേടായ പോസ്റ്റുകൾ മാറ്റുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ ഉയർത്തിക്കെട്ടുക, കേടായ ഇൻസുലേറ്ററുകളും ലൈറ്റ്നിംഗ് അറസ്റ്ററുകളും മാറ്റുക എന്നീ കാര്യങ്ങൾ ചെയ്യുന്നുണ്ട്. കേരളത്തിലെ വൈദ്യുതി അപകടങ്ങളെക്കുറിച്ചും അതു തടയാനായി ചെയ്യേണ്ട പ്രവൃത്തികളെക്കുറിച്ചും വിശദമായി പഠിച്ച് ഉടൻതന്നെ റിപ്പോർട്ട് നൽകാനായി ഒരു ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

സിമന്റ് പോസ്റ്റ് നിർമ്മാണ ഫാക്ടറി

*6 [397] *ശ്രീ. പി. കെ. കെ. ബാവ:*
,, *യു. സി. രാമൻ:*
,, *സി. മോയിൻകുട്ടി:*
,, *കളത്തിൽ അബ്ദുള്ള:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് ലൈനുകൾക്കാവശ്യമായ സിമന്റ് പോസ്റ്റുകൾക്കുള്ള ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ സിമന്റ് പോസ്റ്റുകൾ നിർമ്മിക്കുന്ന ഫാക്ടറി തുടങ്ങാൻ ഗവൺമെന്റിന് ആലോചനയുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) ഉണ്ട്.

(ബി) & (സി) ഇല്ല. എന്നാൽ സിമന്റ് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിലേക്കായി നിലവിലുള്ള പോൾകാസ്റ്റിംഗ് യൂണിറ്റുകളിൽനിന്നും ഉൽപ്പാദനശേഷിക്കനുസൃതമായി കൂടുതൽ പോസ്റ്റുകൾ ലഭ്യമാക്കുന്നതിനും പുതിയ പോൾകാസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുതായി മഞ്ചേരി, കോഴിക്കോട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ, വടകര, തിരൂർ, കട്ടപ്പന, കൊട്ടാരക്കര എന്നിവിടങ്ങളിൽ പോൾകാസ്റ്റിംഗ് യാർഡുകൾ സ്ഥാപിക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly